(സി) പ്രസ്തുത അപേക്ഷയിൻമേൽ എന്ത് തീരുമാനമെടുത്തു;

(സി) സീനിയോറിറ്റി അനുവദിച്ചു കൊടുക്കാത്തതിന്റെ കാരണം എന്താണ്?

ഉത്തരം

(എ) അപേക്ഷ നൽകിയിരുന്നു.

(ബി ആൻഡ് സി) സീനിയോറിറ്റി സംബന്ധിച്ച തർക്കം പരിശോധിച്ചുവരികയാണ്.

അന്യ സംസ്ഥാനങ്ങളിലേക്ക് വിദ്യാർത്ഥികളുടെ ഒഴുക്ക് തടയാൻ നടപടി

60 [1585] ശ്രീ. കെ. സുധാകരൻ:
,, ടി. എൻ. പ്രതാപൻ:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ;

(എ) നിലവിൽ കർണ്ണാടകത്തിൽ നേഴ്സിംഗ് പഠിക്കുന്ന സംസ്ഥാനത്തിലെ വിദ്യാർത്ഥികൾക്ക് സ്വകാര്യ സ്ഥാപനങ്ങൾ വഴി സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ടോ;

(ബി) ഇതിന്റെ ഫലമായി സംസ്ഥാനത്തുനിന്നും കൂടുതൽ വിദ്യാർത്ഥികൾ കർണ്ണാടകത്തിലേക്കു പോവുകയും തൻമൂലം സംസ്ഥാനത്തുനിന്നും പണം കർണ്ണാടകത്തിലേക്ക് ഒഴുകുകയും ചെയ്യുന്നുണ്ടോ;

(സി) എങ്കിൽ ഈ സാഹചര്യം ഒഴിവാക്കുവാൻ എന്തു നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ ആൻഡ് ബി) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സ്വകാര്യ സ്ഥാപനങ്ങൾ വഴി വിദ്യാഭ്യാസ വായ്പ നൽകുന്നില്ല.

(സി) ഉദിക്കുന്നില്ല.

പേരാമ്പ്ര അസംബ്ലി മണ്ഡലത്തിലെ സ്കൂളുകൾ

61 [1586] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പേരാമ്പ്ര അസംബ്ലി മണ്ഡലത്തിൽ ഗവൺമെന്റ് സ്കൂളുകൾ, എയിഡഡ്, അൺ എയിഡഡ് സ്കൂളുകൾ എന്നിവ ഓരോ പഞ്ചായത്തിലും എത്ര വീതമാണ്;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ +2 കോഴ്സ് ഇല്ലാത്ത ഹൈസ്കൂളുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പഞ്ചായത്ത് ഗവൺമെൻറ് എയിഡഡ് അൺ എയിഡഡ് (റെക്കഗ്നൈസ്ഡ്)

	എച്ച്.എസ്.	യു.പി.	എൽ.പി.	എച്ച്.എസ്.	യു.പി.	എൽ.പി.	എച്ച്.എസ്.	യു.പി.	എൽ.പി.
(1)		(2)			(3)			(4)	
പേരാമ്പ്ര	..	1	1	1	3	7	..	1	1
കൂത്താളി	..	1	2	1	2	2	..	..	..
ചക്കിട്ടപ്പാറ	..	1	2	2	3	3	..	..	..
നൊച്ചാട്	..	1	3	1	3	6	..	..	..
കോട്ടൂർ	1	1	3	1	4	6	..	..	..
നടുവണ്ണൂർ	1	1	2	..	2	3	..	..	..
കായണ്ണ	1	1	1	..	1	1	..	..	..
കൂരാച്ചുണ്ട്	..	..	..	2	2	1	..	..	..
ചങ്ങരോത്ത്	..	..	3	2	2	5	..	..	..
ആകെ	3	7	17	10	22	34	..	1	1

(ബി) 1. സെൻറ് ജോസഫ് എച്ച്. എസ്. പെമ്പനോട്.
2. സെൻറ് മേരീസ് എച്ച്. എസ്. കല്ലനോട്.
3. സെൻറ് തോമസ് എച്ച്. എസ്. കൂരാച്ചുണ്ട്.
4. വടക്കുമ്പാട് എച്ച്. എസ്.
5. ഹോളി ഫാമിലി എച്ച്. എസ്. പാടത്തുകടവ്.

എസ്. എസ്. എൽ. സി. പരീക്ഷാ ചോദ്യപേപ്പർ ചോർച്ച

62 [1537] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയുടെ ചോദ്യപേപ്പർ പല സ്ഥലത്തും ചോർന്നതുമൂലമുണ്ടായിട്ടുള്ള ആശങ്കകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) എസ്. എസ്. എൽ. സി. പരീക്ഷയുടെ ചോദ്യപേപ്പറുകൾ ചോരാനിടയായ സംഭവങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന് ആരെല്ലാമാണ് കുറ്റക്കാരായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) എസ്. എസ്. എൽ. സി. പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്താനും അതുവഴി എസ്. എസ്. എൽ. സി. പരീക്ഷയുടെ വിശ്വാസ്യത വീണ്ടെടുക്കാനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly